**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4164 — 21.07.2015-ൽ മറുപടിക്ക്

# നഗരസഭകളിൽ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) നഗരസഭകളിൽ പൊതു-സ്വകാര്യ പങ്കാളിത്ത (പി.പി.പി) മാതൃകയിലുള്ള പദ്ധകൾക്കായി എത്ര രൂപയുടെ ധാരണപത്രമാണ് ഒപ്പിട്ടിട്ടുള്ളത്: | (എ) ധാരണപത്രങ്ങൾ ഒപ്പിട്ടിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന വികസന മാതൃകകൾ ഏതെല്ലാമാണ്; | (ബി) ഷോപ്പിംഗ് മാളുകൾ, മൾട്ടിപ്ലക്സ് തിയേറ്ററുകൾ, ബസ് സ്റ്റാന്റ്, സോളിഡ് വേസ്റ്റ് പ്ലാന്റുകൾ, ആധുനിക അറവുശാലകൾ, പാർക്കിംഗ് പ്ലാസകൾ, കൺവെൻഷൻ സെന്ററുകൾ, ഫ്ളൈഓവറുകൾ, കംഫർട്ട് സ്റ്റേഷനുകൾ തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) ഇത്തരം പദ്ധതികൾക്കാവശ്യമായ ഭൂമി എങ്ങനെ കണ്ടെത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) നഗരസഭകളുടെയും ഡെവലപ്മെന്റ് അതോറിറ്റികളുടെയും സ്വന്തം പേരിലുള്ളതും ബാദ്ധ്യതാ രഹിതവുമായി നിലവിൽ ലഭ്യമായ ഭൂമിയാണ് ഈ പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നത്. |
| (ഡി) സംരംഭകരെ ലഭിക്കാത്തതുമൂലം പദ്ധതികൾ മുടങ്ങുന്നുവെന്ന തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഇല്ല. |
| (ഇ) സർക്കാർ ഉദ്ദേശിക്കുന്ന തരത്തിൽ ഈ പദ്ധതികൾ വിജയിപ്പിക്കുന്നതിനാവശ്യമായ ജാഗ്രത പുലർത്തുന്നതിനും മുൻകരുതലുകൾ കൈക്കൊള്ളുന്നതിനും നടപടി എടുക്കുമോ? | (ഇ) നടപടി എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ